ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ഈ അപ്രോപ്പിയേഷൻ ബില്ലിനെ എതിർക്കുകയാണ്. കാരണം ഭരണഘടനയിലെ 204-ാം ആർട്ടിക്കിൾ പ്രകാരമാണ് സംസ്ഥാന നിയമസഭയിൽ അപ്രോപ്രിയേഷൻ ബിൽ അവതരിപ്പിക്കേണ്ടത്. അതനുസരിച്ച് ഭരണഘടന 204(3)-ൽ പറയുന്നത്, The appropriation Act gives legal sanction to the grants voted by the Legislature എന്നാണ്. ശ്രീ. കെ.എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിന് നിയമ സാധുത ഈ ബിൽ പാസായാൽ മാത്രമേ സാധിക്കുകയുള്ളൂ. അതിനുമുമ്പ് വോട്ട് ഓൺ അക്കൗണ്ട് പാസാക്കണം. ഇതിന് ലീഗാലിറ്റി നൽകിയാൽ ഈ അപ്രോപ്രിയേഷൻ ബില്ലിൽ പറയുന്ന 70,000 കോടി രൂപ ചെലവഴിക്കുമെന്നുള്ളതിന് എന്താണ് ഉറപ്പ്? യാതൊരു ഉറപ്പുമില്ല. ആദ്യത്തെ ഇവരുടെ വർഷം 10,000 കോടി രൂപ പ്ലാൻ ഫണ്ട് ലഭിച്ചതിൽ 3,000 കോടി രൂപയും ലാപ്സാക്കിയെന്നാണ് നിയമസഭയിൽ ശ്രീ. കെ.എം മാണി തന്നെ പറഞ്ഞിട്ടുള്ളത്. അപ്പോൾ 30 ശതമാനവും ലാപ്സാക്കിയവരാണ്. അപ്പോൾ എന്തായാലും ഈ വർഷത്തെ 70,000 കോടിയുടെ 30 ശതമാനം എന്നുപറയുമ്പോൾ അതിൽ കൂടുതൽ വരാനാണ് സാധ്യത. അങ്ങനെ തെറ്റായ വാഗ്ദാനം നൽകി ഭരണഘടനാ വിരുദ്ധമായി തുക ലാപ്സാക്കുന്ന ഒരു ഗവൺമെന്റിന്റെ അപ്രോപ്രിയേഷൻ ബില്ലിന് ഈ കാരണത്താൽ പിന്തുണ നൽകാൻ സാധ്യമല്ല. അതിന്റെ

രാഷ്ട്രീയ കാരണങ്ങളൊന്നും ഞാൻ പറയുന്നില്ല. ഇവിടെ 30 ശതമാനം ലാപ്സാക്കി. മേജർ ലാപ്സസ് ഇവയാണ് - പൊതു വിദ്യാഭ്യാസം 63 കോടി രൂപ, മൃഗസംരക്ഷണം 56 കോടി രൂപ, ആരോഗ്യം 98 കോടി രൂപ, തദ്ദേശ സ്വയംഭരണം 500 കോടി രൂപ, ഊർജ്ജം 420 കോടി രൂപ, സാമൂഹ്യക്ഷേമം 60 കോടി രൂപ, ജലവിഭവം 900 കോടി രൂപ. കുടി വെള്ളം ലഭിക്കാത്ത ഈ കേരളത്തിൽ കൊടുത്ത ഫണ്ടിൽനിന്നുതന്നെ ജലവിഭവ വകുപ്പ് 900 കോടി രൂപ ലാപ്സാക്കി. തൊഴിൽ 187 കോടി രൂപയും വ്യവസായം 86 കോടി രൂപയും ആസൂത്രകന്മാരുടെ ഹെഡ് ഓഫീസിൽ പാസ്സാക്കിയത് 33 കോടി രൂപയുമാണ്. Planning in crisis in Kerala എന്ന് പറയുകയാണ്. Planning is in doldrums, ഇവിടെ പ്ലാനിംഗ് നടക്കുന്നില്ല. കൽസായിയേയും കയറ്റി ഒരു ബൽറ്റും ടൈയും കെട്ടി ഇംഗ്ലീഷ് പറഞ്ഞാലൊന്നും അത് പ്ലാനിംഗാകുകയില്ല. പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും ജനങ്ങളെയും പറ്റിച്ച് കൊടുത്ത പണം തിരിച്ചെടുക്കുന്നത് പ്ലാനിംഗല്ല. ബഹുമാനപ്പെട്ട കെ.വി. വിജയദാസിന്റെ ചോദ്യത്തിന് ശ്രീ.കെ.എം. മാണിസാർ നൽകിയ മറുപടിയാണ് ഞാൻ ഉദ്ധരിച്ചത്. ഒരു വികലാംഗൻ ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടിയെ നമസ്കരിക്കുന്ന പടവുമായിട്ടാണ് കാരുണ്യ വർഷം മുഖചിത്രം ഇറങ്ങിയിരിക്കുന്നത്. വികസനവർഷം കാരുണ്യ

വർഷം. സാമൂഹ്യ ക്ഷേമത്തിന് കൊടുത്തത് 60 കോടി രൂപയാണ്, വിക ലാംഗർക്ക് കൊടുക്കേണ്ടിയിരുന്ന 60 കോടി രൂപയാണ് ലാപ്സാക്കിയത്. ആസൂത്രണം 33 കോടി രൂപ, കൃഷിയുടെ 100 കോടി ലാപ്സാക്കിയ പ്പോൾ ആലപ്പുഴ മാത്രം നെല്ലെടുത്തവർക്ക് 120 കോടി രൂപയാണ് ഇനി കൊടുക്കാനുള്ളത്. ഇത് വഞ്ചനയല്ലേ? ആസൂത്രണ വകുപ്പ് ഉടച്ച് വാർക്കാൻ തയ്യാറുണ്ടോ? ആസൂത്രണ വകുപ്പ് തൊണ്ടിന് 25 പൈസ യാണ് വിലയിടുന്നത്. ഇങ്ങനെ വിലയിടാൻ അവർക്ക് എന്താണ് കാര്യം? ഇങ്ങനെ വിലയിടാൻ അവരോട് ആര് പറഞ്ഞു? ഇവർക്ക് തൊണ്ടിനെ പ്പറ്റി എന്തെങ്കിലും അറിയാമോ; അവർ തെങ്ങിൽ കയറിയിട്ടുണ്ടോ; അവർ തേങ്ങ കണ്ടിട്ടുണ്ടോ? അവർ തേങ്ങ കഴിച്ചതല്ലാതെ പൊതിച്ചിട്ടു ണ്ടോ? ഇതൊക്കെ അറിയാവുന്നവരോട് പറയുകയാണ് ഒരു തൊണ്ടിന് 25 പൈസ കൊടുക്കാൻ. സഹകരണ സംഘങ്ങൾ നെല്ലും കൊപ്രയും എടുക്കരുതെന്ന് ആസൂത്രണ ബോർഡ് ഉത്തരവിട്ടിരിക്കുകയാണ്. അവർ അരി ആഹാരം കഴിക്കുന്നവരാണോ? അനുവദിച്ച തുക തടഞ്ഞുവച്ചു കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽത്തന്നെ കഴിഞ്ഞ 12 പദ്ധതികളിൽ ആകെയുള്ള അടങ്കലിന്റെ 50 ശതമാനംപോലും നാട്ടിൽ വന്നിട്ടില്ല. കാരണം ബ്യൂറോക്രാറ്റുകളും കോൺട്രാക്ടർമാരും അഴിമതിക്കാരായ രാഷ്ട്രീയക്കാരുമായുള്ള നെക്സെസ് 50 ശതമാനം തട്ടിയെടുക്കുന്നു

വെന്ന് വോറ കമ്മീഷൻ പറഞ്ഞത് വീണ്ടും തുടരുകയാണ്. വല്ല മാറ്റവും കേരളത്തിലുണ്ടോ? ഇല്ല. വെറും ബൂർഷ്വാ പ്ലാനിംഗാണ് അങ്ങ് നടത്തുന്നത്. ഇതൊരു ജനകീയ പ്ലാനിംഗല്ല. മൊണ്ടേഗ്സിംഗ് അലുവാലിയയാണ് അങ്ങയുടെ ആരാധനാപാത്രം. ശ്രീ. മൻമോഹൻസിംഗിന്റെ തൊപ്പിയെ അങ്ങ് തൊഴുകയാണ്. ശ്രീ. ചിദംബരത്തിന്റെ അമേരിക്കൻ നക്കി നാക്കിനെ അങ്ങ് വല്ലാതെ വണങ്ങുകയാണ്. വൈദ്യനാഥന്മാരുടെ മുറി മുറിവൈദ്യത്തിന്റെ മുമ്പിൽ നിന്ന് കോ-ഓപ്പറേറ്റീവ്സിനെ ചതിക്കുകയാണ്. ചൗധരിമാർ റിപ്പോർട്ട് വാങ്ങി പബ്ലിക് സെക്ടറിനെ തകർക്കുകയാണ്. ശ്രീ. മാണിസാറേ, ഇവരൊക്കെയല്ലേ അങ്ങയുടെ ആരാധനാപാത്രം? ഇത് ശരിയാണോ? കേരളത്തിന് അവകാശം സ്ഥാപിക്കാൻ കോൺഗ്രസ് പോര, അതിനൊരു കേരള കോൺഗ്രസ് വേണമെന്ന് പറഞ്ഞ് ധീരമായി ശ്രീ. കെ.എം. ജോർജിനോടൊപ്പം ഇറങ്ങിപ്പോന്ന അങ്ങ് - ഇന്ന് കെ.എം. ജോർജില്ല, കേരളത്തിന്റെ അവകാശത്തിനുവേണ്ടി വാദിക്കാതെ മൻമോഹൻ സിംഗിന്റെയും അലുവാലിയയുടെയും കേന്ദ്രത്തിലെ ഇത്തരത്തിലുള്ള അമേരിക്കൻ **********[1] മുമ്പിൽ വാസ്തവത്തിൽ നിങ്ങൾ മുട്ട് മടക്കുന്നത് ശരിയാണോ? ********* ഭരണമാണിത്. വ്യക്തിപരമായി ******** ഞാൻ പറയുന്നില്ല. കേരള കോൺഗ്രസിന്റെ പ്രസക്തി ചോദ്യം ചെയ്യപ്പെട്ടുകഴിഞ്ഞു. ഇവിടെ അപ്രോപ്രിയേഷൻ

[1] നീക്കം ചെയ്തു.

ബില്ലിൽ 69,000 കോടി രൂപയോളം അദ്ദേഹം പറയുന്നുണ്ട്. അത് സമ്മതിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട അംഗം ബഹുമാനപ്പെട്ട അംഗം തന്നെയാണ്. പക്ഷേ വാക്കിൽ ഭരണത്തെ വിശേഷിപ്പിച്ചപ്പോൾ ********* ഭരണം എന്നുപറഞ്ഞത് രേഖയിൽ ഉണ്ടാകാൻ പാടില്ല, ********* ഭരണം എന്നും പറഞ്ഞു.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ഭരണത്തെപ്പറ്റിയാണ് പറഞ്ഞത്, അല്ലാതെ ഭരിക്കുന്നവരെപ്പറ്റിയല്ല. ഭരണത്തെപ്പറ്റി അങ്ങനെ പറയാൻ പാടില്ലായെങ്കിൽ അതും അങ്ങേയ്ക്ക് തീരുമാനിക്കാം. ഭരിക്കുന്ന ഒരു വ്യക്തിയെക്കുറിച്ചും ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. 69,000 കോടി രൂപയോളം അപ്രോപ്രിയേഷൻ ചോദിച്ചിരിക്കുകയാണ്. ഇത്തവണ പ്ലാൻ ഫണ്ട് 14,000 കോടി രൂപയാണ്. 12-ാം പദ്ധതിയുടെ അഞ്ചുവർഷത്തെ പ്ലാൻ ഫണ്ട് 1,05,000 കോടി രൂപയാണ്. പക്ഷേ ആവറേജ് 21,000 കോടി രൂപ ഒരു വർഷം ചെലവഴിച്ചാലെ 5 വർഷം കൊണ്ട് 1,05,000 കോടി രൂപ ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ മാണി സാർ 14,000 കോടി രൂപ മാത്രമേ വച്ചിട്ടുള്ളൂ 6,990 കോടി രൂപ ഈ വർഷം കുറവാണ്. വരുന്ന നാല് വർഷം പണത്തിന് ഈ വിലപോലും ഉണ്ടാകില്ല. അമേരിക്കയുടെ മുമ്പിൽ ഇൻഡ്യൻ റുപ്പിയെ അടിയറ വച്ചിരിക്കുകയാണ്, വില

യുണ്ടാകില്ല. അപ്പോൾ 21,000 കോടി രൂപയെങ്കിലും ഓരോ വർഷവും ചെലവഴിച്ചില്ലെങ്കിൽ പ്ലാൻ ഫണ്ട് വീണ്ടും ധാരാളമായി ലാപ്സാകുമെന്ന് പ്രഖ്യാപിക്കുന്ന ഒരു പരിപാടിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ധനവിനിയോഗത്തിന്റെ കണക്കെടുത്താൽ 2010-ൽ ഞങ്ങൾ 52,000 കോടി രൂപയുടെ ധനവിനിയോഗം ഇവിടെ നടത്തി. 2011 ജൂലൈ മാസത്തിൽ അത് 59,000 കോടി രൂപയായി. ഇപ്പോൾ 69,000 കോടി രൂപയായി. എല്ലാ വർഷവും 7,000 കോടി രൂപ മുതൽ 10,000 കോടി രൂപവരെ വർദ്ധിക്കുകയാണ്. അത് എന്തിനുവേണ്ടി ചെലവഴിക്കുമെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. കണക്ക് ചോദിച്ചാൽ നിങ്ങൾ നൽകുമോ? ഈ നിയമസഭയിൽ വ്യത്യസ്തമായ കണക്കുകൾ മന്ത്രിമാർ തരുന്നു. 1993 -ൽ യു.ഡി.എഫ്. ഭരിക്കുമ്പോൾ പ്രതിപക്ഷത്തായിരുന്ന ശ്രീമതി കെ. ആർ ഗൗരിയമ്മ ജൂലൈ 22-ന് ഉന്നയിച്ച പ്രശ്നം തന്നെയാണ് ഇപ്പോഴും. അതിൽ ഒരു മാറ്റവുമില്ല. സർക്കാർ കണക്കുകൾ പൊട്ടക്കണക്കുകളാണ്, ഒരേ കാര്യത്തിൽ വ്യത്യസ്തങ്ങളായ കണക്കുകളാണ് നൽകുന്നതെന്ന് അന്ന് അവർ പറഞ്ഞു. ബഡ്ജറ്റ് ഉടച്ച് വാർക്കണം, ദുർവ്യാഖ്യാനം മാറ്റണം, മറച്ച് വെയ്ക്കൽ മാറ്റണം, കള്ളക്കണക്കുകൾ മാറ്റണം, ഭരണ പരാജയം മൂടിവെയ്ക്കാൻ ഇതിനെയല്ലാം പൊളിച്ചെഴുതണമെന്ന് പറയുകയുണ്ടായി. ഇപ്പോഴും വ്യത്യസ്തമായ കണക്കുകൾ നൽകുകയാണ്. 15/6

-ൽ ബഹുമാനപ്പെട്ട കെ.സി. ജോസഫ് ശ്രീ. എ.എം. ആരിഫിന് മറുപടി കൊടുക്കുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലെ വരവ് ചെലവ് കണക്കുകൾ ഇതുവരെ കിട്ടിയിട്ടില്ല, ശേഖരിച്ച് വരികയാണ്. 11-6-2011-ൽ ശ്രീ. കെ.എം. മാണിസാർ ശ്രീ. എം.എ. ബേബിക്കും ശ്രീ. സുരേഷ് കുറുപ്പിനും മറുപടി കൊടുക്കുന്നു. കൊച്ചി മെട്രോയുടെ ചെലവ് ബഡ്ജറ്റിന്റെ പതിനൊന്നര ശതമാനം മാത്രം, കണ്ണൂർ എയർപോർട്ട് മൂന്നര ശതമാനം മാത്രം, മുല്ലപ്പെരിയാർ ഡാം എട്ട് ശതമാനം മാത്രം, ഉൾനാടൻ ജലഗതാഗതം 48 ശതമാനം മാത്രം. കണക്കുകളൊന്നും ലഭ്യമല്ലായെന്നാണ് നാല് ദിവസം കഴിഞ്ഞ് ശ്രീ. കെ.സി. ജോസഫ് പറയുന്നത്. അപ്പോൾ ശ്രീ. കെ.എം. മാണിയുടെ കണക്ക് ശരിയാണോ; കള്ളക്കണക്കാണെങ്കിൽ ശ്രീ. കെ.സി. ജോസഫ് മറുപടി പറയണം. കണക്കുകളൊന്നും കിട്ടിയിട്ടില്ലെന്നാണ് നാലുദിവസം കഴിഞ്ഞ് ശ്രീ. കെ.സി. ജോസഫ് പറയുന്നത്. ഇതുസംബന്ധിച്ച് കണക്കുകളുണ്ടെങ്കിൽ ആ കണക്ക് ഞങ്ങൾക്ക് തരണം. ഏതായാലും ശ്രീ. കെ.എം. മാണിയുടെ കണക്ക് തൽക്കാലം അംഗീകരിക്കുന്നു. പക്ഷേ, ബഡ്ജറ്റിൽ അനുവദിച്ച തുകയൊന്നും ചെലവാകുന്നില്ല. അതിനുള്ള കാലതാമസത്തെപ്പറ്റി ശ്രീ. കെ.എം. മാണി തന്നെ പറയുന്നു. എന്തുകൊണ്ട് ഈ പദ്ധതികൾ സമയത്ത് നടക്കുന്നില്ലെന്ന ശ്രീ. കെ.കെ. ജയച്ചന്ദ്രന്റെ ചോദ്യത്തിന് 25-06-2012-ൽ നൽകിയ മറുപടിയിൽ കാലതാമസമുണ്ടാകുവാനുള്ള ഒന്നാമത്തെ കാരണം, യഥാസമയം അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കാത്തതാണെന്നാണ് പറയുന്നത്.?

അത് ഗവൺമെന്റ് സമ്മതിച്ചില്ലേ; ഇത് ഭരണപരാജയമല്ലേ? ഈ ഗവൺമെന്റ് യഥാസമയം എ.എസ്. കൊടുക്കുന്നില്ലെന്ന് ശ്രീ. കെ.എം. മാണി തന്നെ പറയുകയാണ്. ബഡ്ജറ്റ് നിർവ്വഹണത്തിന് യഥാസമയം എ. എസ്. കൊടുക്കാത്ത ഒരു ഗവൺമെന്റ് സ്വന്തം ഭരണപരാജയം ഇവിടെ വിളിച്ചുകൂവുമ്പോൾ വസ്തുതകൾ നിയമസഭയിൽ പറയേണ്ടിവരുന്ന അവസ്ഥയാണ്. എന്തൊരു ഭരണമാണിത്? അതുകൊണ്ട് എന്ത് സമാധാന മാണ് ഈ വ്യത്യസ്തമായ മറുപടികൾ നൽകുന്നതിനെപ്പറ്റിയെന്ന് പറയേ ണ്ടതായിട്ടുണ്ട്. 1993-ൽ വെറും 6043 കോടി രൂപയുടെ അപ്രോപ്രിയേഷ ൻ മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് 70000 കോടി രൂപ യായി. അപ്രോപ്രിയേഷന്റെ കാര്യത്തിൽ കേരളത്തിൽ 1150 ശതമാനം വർദ്ധനവുണ്ടായെന്ന് പറയുന്നത് വളരെ നല്ലൊരുകാര്യമായിട്ടുതന്നെ എടുക്കുന്നു. കടവും വാങ്ങിയിട്ടുണ്ട്; കടം വാങ്ങണ്ടായെന്ന് പറയുന്നില്ല, പക്ഷേ, ചെലവിന്റെ മുപ്പത്തിമൂന്നര ശതമാനമായ 23500 കോടി രൂപയും ചെലവാക്കുന്നത് ശമ്പളത്തിനും പെൻഷനും വേണ്ടിയാണെന്നുള്ളത്, കൊടുക്കണ്ടായെന്ന് പറയാൻ പറ്റില്ല, ഇനിയും അതിനായി തുക വേണ്ടിവ രും. തീർച്ചയായും അവർക്ക് ശമ്പളവർദ്ധനവ് കൊടുക്കേണ്ടിവരും. പക്ഷേ അതിനനുസരിച്ച് വികസന പ്രവർത്തനത്തിന് കൂടുതൽ പണം കണ്ടെത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. കടബാദ്ധ്യതകളെ സംബ ന്ധിച്ച് പറയുമ്പോൾ 2006-ൽ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഞങ്ങളെ ഏൽപ്പിച്ചത്, 45878 കോടി രൂപയുടെ പൊതുകടമാണ്. 2001-ൽ എൽ.ഡി.

എഫ്. ഗവൺമെന്റ് അദ്ദേഹത്തെ ഏൽപ്പിച്ചത് 23919 കോടി രൂപയാണ്. യു.ഡി.എഫ്-ഗവൺമെന്റിന്റെ അഞ്ച് വർഷംകൊണ്ട് 22000 കോടി രൂപയുടെ കടം വർദ്ധിച്ചു. 2011- മാർച്ചിൽ ഞങ്ങൾ ഭരണം കൈമാറുമ്പോൾ ഇവിടെ 78290 കോടി രൂപയായിരുന്നത് 2006- നേക്കാൾ 32412 കോടി രൂപയായി. പൊതുകടം വർദ്ധിച്ചുവരികയണെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. ഏത് ഗവൺമെന്റ് ഭരിച്ചാലും പൊതുകടം വർദ്ധിച്ചുവരും. പക്ഷേ, ആ കടം എന്തിനുവേണ്ടി ഉപയോഗിച്ചുവെന്നുള്ളതാണ് ഇവിടെ ഉന്നയിക്കുന്ന പ്രശ്നം. 2012 മാർച്ച് 31-ന് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഒരു വർഷം തികയുമ്പോൾ അത് 87242 കോടി രൂപയായി. അതായത് ഒരു വർഷത്തെ വർദ്ധനവ് 9000 കോടി രൂപ. അങ്ങനെ അഞ്ച് വർഷം കഴിയുമ്പോൾ 45,000 കോടി രൂപയെങ്കിലും അധികം കടമെടുക്കുമ്പോൾ നിലവിലുള്ള കടത്തിനോടൊപ്പം ഇവരുടെ അഞ്ചു വർഷത്തെ കടം കൂടി ചേരുമ്പോൾ കേരളത്തിൽ 1,23,290 കോടി രൂപയുടെ ഔദ്യോഗിക കടമുണ്ടാകും. പക്ഷേ ഔദ്യോഗിക കടം അതായിരിക്കില്ല. ഒന്നര ലക്ഷം കോടി രൂപയുടെ കടമുണ്ടാകുമെന്നാണ് വരികൾക്കിടയിൽ വായിക്കുമ്പോൾ മനസ്സിലാകുന്നത്. എന്നുവച്ചാൽ ഇന്ന് ശ്രീ. കെ. എം. മാണി ഈ അപ്രോപ്രിയേഷൻ ബിൽ അവതരിപ്പിക്കുമ്പോൾ കേരളത്തിലെ ഓരോ കുഞ്ഞിന്റേയും തലയിൽ 27000 രൂപയുടെ കടമുണ്ട്. അദ്ദേഹം ഭരണം അവസാനിപ്പിക്കുമ്പോൾ അത് 47000 കോടി രൂപയുടെ

കടമായി വർദ്ധിക്കും. അതിനുതക്ക അസെറ്റ് ഉണ്ടാക്കുമോ; സോഷ്യൽ സർവ്വീസ് ഉണ്ടാക്കുമോ; ബെനവലൻസ് ഉണ്ടാക്കുമോയെന്ന് വ്യക്തമാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കൂടുതലായി കടമെടുക്കണമെന്ന് ഡോ. ടി.എം തോമസ് ഐസക് പറയുമ്പോൾ കടമെടുപ്പ് കൂടിപ്പോയെന്നാണ് അങ്ങ് പറയുന്നത്.

ശ്രീ. ജി. സുധാനകരൻ: സർ, കടമെടുക്കുന്നതിനോട് എനിക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല, കടമെടുക്കേണ്ടിവരും; അതുകൊണ്ടാണല്ലോ ഞങ്ങളുടെ കാലത്തുണ്ടായ കണക്ക് സപ്രെസ് ചെയ്തത്. നിങ്ങൾ സപ്രെസ് ചെയ്തതുപോലെ ഞാൻ സപ്രെസ് ചെയ്യുകയില്ല. കടമെടുത്താൽ അസെറ്റ് ക്രിയേറ്റ് ചെയ്യുമോ? എനിക്ക് സംസാരിക്കാൻ 12 മിനിറ്റ് മാത്രമേയുള്ളൂ. ഞങ്ങളുടെ കാലത്തെ ക്രിയേറ്റ് ചെയ്ത അസെറ്റിനെപ്പറ്റി പറയുകയാണെങ്കിൽ പത്ത് പതിനാല് ദിവസം വേണ്ടിവരും. അത്രമാത്രം അസെറ്റ് ഉണ്ടാക്കിയിട്ടുണ്ട്. മാണിസാറിന്റെ മണ്ഡലത്തിലുമില്ലേ? എവിടെയാണ് ഇല്ലാത്തത്? ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അങ്ങ് മറുപടി പറയണം; കഴിഞ്ഞ വർഷം എത്രകോടി രൂപയുടെ അസെറ്റ് ഉണ്ടാക്കി; എത്ര കോടിരൂപ ക്ഷേമപ്രവർത്തനത്തിനായി മാറ്റിവച്ചു; എത്ര ബെനവലൻസിനുവേണ്ടി മാറ്റിവച്ചുവെന്ന് ഇവിടെ പറയണം. കാരുണ്യവർഷമെന്നല്ലേ പറയുന്നത്; നല്ല കാര്യം, പക്ഷേ, ആ കാരുണ്യ

വർഷത്തിൽ വികലാംഗരുടെ 60 കോടി രൂപ ലാപ്സാക്കിയില്ലേ? കേരളം ശ്രദ്ധിക്കേണ്ട സുപ്രധാനമായ മറ്റൊരു കാര്യമുണ്ട്. ജനസംഖ്യാനുപാതിക മായി കേരളത്തിന്റെ പൊതുകടം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. നിങ്ങൾ തന്ന റിപ്പോർട്ടനുസരിച്ച് ന്യൂമറിക്കലായി കേരളം എട്ടാം സ്ഥാന ത്തുമാണ്. ജനസംഖ്യാനുപാതികമായി നോക്കുകയാണെങ്കിൽ 333 ലക്ഷം ജനങ്ങൾ മാത്രമുള്ള കേരളത്തിൽ 87000 കോടി രൂപയുടെ കടമാണ് വന്നിരിക്കുന്നത്. പശ്ചിമബംഗാളിന് ഇന്നുള്ളതിന്റെ 50000 കോടി രൂപ അധികം എടുക്കാമായിരുന്നിട്ടും എടുത്തിട്ടില്ല. ഉത്തർപ്രദേശിന് 3,00,000 കോടി രൂപയും ആന്ധ്രാപ്രദേശിന് 50,000 കോടി രൂപയും മഹാ രാഷ്ട്രയ്ക്ക് 1,30,000 കോടി രൂപയും ഗുജറാത്തിന് 32000 കോടി രൂ പയും തമിഴ്നാടിന് 69000 കോടി രൂപയും രാജസ്ഥാൻ 65,000 കോടി രൂപയും കർണ്ണാടകത്തിന് 70000 കോടി രൂപയും മദ്ധ്യപ്രദേശിന് 1,02,000 കോടി രൂപയും ബീഹാറിന് 2,00,000 രൂപയും ത്രിപുരയ്ക്ക് 3000 കോടി രൂപയും ഇന്ന് അവർക്കുള്ള യഥാർത്ഥ കടത്തേക്കാൾ കൂടുതലായി എടു ക്കണമായിരുന്നു. ജനസംഖ്യാനുപാതികമായി കേരളത്തിന്റെ ഇന്നത്തെ കടമനുസരിച്ച്. അപ്പോൾ കേരളത്തിന്റെ കടം വളരെ......... ഒരു കുഴപ്പവുമി ല്ല. എല്ലായിടത്തും സ്കൂളുകളും ഗവൺമെന്റ് ഓഫീസുകളും റോഡുകളു ം എല്ലാമുണ്ട്, ഇതൊക്കെ ശരിയാണ്. പക്ഷേ, യു.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ ഈ പണം കൃത്യമായി ചെലവഴിക്കുന്നില്ലായെന്ന ആക്ഷേപ

മുണ്ട്. കഴിഞ്ഞ പ്രാവശ്യത്തെ പെർഫോർമൻസ് വച്ചുകൊണ്ട് ഈ തുക കൃത്യമായി ചെലവഴിക്കുന്നുവെന്ന് ഉറപ്പ് നൽകാൻ അങ്ങ് തയ്യാറാകുമോ? കുട്ടനാട് പാക്കേജ് ദയനീയമായ പരാജയമാണ്. അതിന്റെ പേരിൽ വമ്പിച്ച അഴിമതിയാണ് നടക്കുന്നത്. എല്ലാവരും അതിനെപ്പറ്റി പറഞ്ഞുക ഴിഞ്ഞു. ഞാൻ കണക്കുവച്ച് പറയുകയാണ്. നിങ്ങൾ 1840 കോടി രൂപ യുടെ ആദ്യം കൊടുത്തു, ഞങ്ങൾ ഇറങ്ങുമ്പോൾ 2400-ന്റെ പ്രോജക്ട് കൊടുത്തു. ഞങ്ങൾ തയ്യാറാക്കിയതും നിങ്ങൾ തയ്യാറാക്കിയതും അടക്കം പിന്നീട് 3600 കോടി രൂപയായി. അവസാനമായി 4247 കോടി രൂപയുടെ പ്രോജക്ട് ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അപ്രൂവ് ചെയ്തത് 1292 കോടി രൂപയുടേത് മാത്രമാണ്. കേന്ദ്ര ഗവൺമെന്റ് തന്നത് വെറും 210 കോടി, ചെലവഴിച്ചത് 115 കോടി രൂപയിൽ 85 കോടി രൂപയും ഞങ്ങൾ ചെലവഴിച്ചു. 30 കോടി രൂപ മാത്രമാണ് നിങ്ങൾ ചെല വഴിച്ചത്. നിങ്ങളുടെ മറുപടിയാണിത്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വന്ന റിപ്പോർട്ട് വച്ചാണ് ഞാൻ പറയുന്നത്. കഴിഞ്ഞ മൂന്നുവർഷമായി പ്രോജക്ടിന്റെ രണ്ടര ശത മാനമാണ് കിട്ടിയിട്ടുള്ളത്. പ്രതിവർഷം ശരാശരി ഒരു ശതമാനത്തിൽ കുറ വാണ് കിട്ടിയത്. ചെലവഴിച്ചത് അതിലും കുറവാണ്. ഇക്കണക്കിന് പോയാൽ 4247 കോടി രൂപയുടെ പാക്കേജ് അപ്രൂവ് ചെയ്ത് നടപ്പിലാക്ക ണമെങ്കിൽ 42 വർഷം വേണ്ടിവരും. അന്ന് സ്വാമിനാഥൻ സാറും നമ്മ ളിൽ പലരും ഉണ്ടാകുമോ? ഇത് അതീവ ഗുരുതരമായ കൃത്യവിലോപമാ

ണ്. അഴിമതി നടക്കുകയാണവിടെ. കുട്ടനാട് പ്രോജക്ട് ഓഫീസർമാർക്ക് പുറക്കാട്ട് കടപ്പുറത്തെ കരിമണൽ വാരണം. എ. സി. കനാൽ വീതികൂട്ടാനുള്ള പരിപാടിയൊന്നുമില്ല. ബണ്ട് നിർമ്മിക്കുന്നില്ല, മില്ലുകൾ ഉണ്ടാക്കിക്കൊടുക്കുന്നില്ല, ഗോഡൗണുകളില്ല, അതൊന്നുമല്ല ഇതുമായി ബന്ധപ്പെട്ട് ബഹുദൂരം ദൂരമുള്ള പുറക്കാട്ടെ കരിമണൽ വാരണം. അതിലാണവരുടെ താൽപ്പര്യവും ശ്രദ്ധയും. മാഫിയ സംഘം ഈ കുട്ടനാട് പാക്കേജിനെ വിഴുങ്ങിയിരിക്കുകയാണ്. ഇക്കണോമിക് വിജിലൻസ് ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞപ്പോൾ അദ്ദേഹം ഉണ്ടാക്കിയെങ്കിലും അത് വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നില്ല. അത് അന്വേഷിക്കണം. സഹകരണ മേഖലയുടെ അസെറ്റുകൾ നിങ്ങൾ ഇല്ലാതാക്കുകയാണ്. ഭരണഘടനാ ഭേദഗതിവഴി വൈദ്യനാഥൻ കമ്മീഷന്റെ നിർദ്ദേശങ്ങൾ ഇവിടെ ചെലവാകാഞ്ഞതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ഭൂരിപക്ഷം ഉപയോഗിച്ച് ഭരണഘടനാ ഭേദഗതി അവിടെ പാസ്സാക്കി. കോ-ഓപ്പറേറ്റീവ്സിനെ ഭരണഘടനയിൽ കൊണ്ടുവന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ അതിലുള്ള ക്ലോസുകൾ അപകടകരമാണ്. യു.ഡി.എഫ്.-ന്റെയടക്കം സഹകരണപ്രസ്ഥാനം തകരുകയാണ്. 1959-ലെ ആദ്യത്തെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെക്കുറിച്ച് ഞങ്ങളുടെ പാർട്ടിയുടെ എല്ലാമെല്ലാമായിരുന്ന സഖാവ് സി.എച്ച് കണാരന്റെ ഒരു പ്രസംഗം, അന്ന് മുണ്ടശ്ശേരി മാസ്റ്റർ സഹകരണ വകുപ്പുമന്ത്രിയാണ്. ഏത് പാർട്ടി ഭരിക്കുന്നുവെന്നുള്ളതല്ല,

പൊതു പ്രസ്ഥാനമെന്ന നിലയിലാണ് സഹകരണം. സംരക്ഷിക്കേണ്ടത് എല്ലാവരുടേയും കടമയാണ്. ശ്രീ. ടി.കെ രാമകൃഷ്ണനും ശ്രീ. പിണ റായി വിജയനും ശ്രീ. എസ്. ശർമ്മയും ഞാനും മന്ത്രിമാരായിരുന്നപ്പോൾ ചെറിയ തെറ്റുകൾ പറ്റിയിട്ടുണ്ടായിട്ടുണ്ടെങ്കിലും ഞങ്ങൾ ഈ തത്വം ഉയർത്തിപ്പിടിച്ചു. നെഹ്റുവിന്റെ സഹകരണ നയത്തെ കമ്മ്യൂണിസ്റ്റുകാർ പിന്താങ്ങുന്നു എന്ന് പ്രശസ്ത പാർലമെന്റേറിയനായ ഇ.ഗോപലകൃഷ്ണ മേനോൻ പ്രസംഗിച്ചു. നെഹ്റുവിന്റെ സഹകരണ നയത്തെ കുഴിച്ചുമൂ ടാൻ എന്റെ പ്രിയങ്കരനായ സുഹൃത്ത് പ്രഗത്ഭനായ സഹകാരി, ശ്രീ. കെ. ശിവദാസൻനായർ പറയുന്നത് ഞാൻ വേദനയോടുകൂടി കേട്ടു. തിരു ത്താൻ വേണ്ടി ഞാൻ എഴുന്നേറ്റപ്പോൾ വീണ്ടും ഞങ്ങളെ വിമർശിക്കുക യാണ് ചെയ്തത്. ഇതുവരെ തിരുത്തിയിട്ടില്ല. മുഖ്യമന്ത്രി അനങ്ങിയിട്ടില്ല. ഒരക്ഷരം മിണ്ടിയിട്ടില്ല. പക്ഷേ നെഹ്റുവിന്റെ സഹകരണ നയത്തെ കമ്മ്യൂണിസ്റ്റുകാർ പിന്താങ്ങുന്നുവെന്നും കോൺഗ്രസ്സിന്റെ സഹകരണപ്രസ്ഥാ നമുണ്ടാക്കണമെന്ന നാഗ്പൂർ പ്രമേയത്തെ നമ്മൾ കൂട്ടായി നടപ്പിലാ ക്കണമെന്നും ഇ.ഗോപാലകൃഷ്ണമേനോൻ 1959-ലെ അസംബ്ലിയിൽ പറഞ്ഞു. ടി.എ. തൊമ്മൻ നിയമസഭയിൽ പ്രസംഗിച്ചു, ഇംഗ്ലീഷിലാണ് അദ്ദേഹം പ്രസംഗിച്ചത്. അന്ന് 1959-ൽ To the members of the International Congress, Co-operative has become an article of faith. ചെറുപ്പക്കാരനും നല്ല പ്രാസംഗികനുമായ ശ്രീ. പി.സി. വിഷ്ണുനാഥേ, an article of faith. ഇന്ന് Co-operative is an article of disbelief. നിങ്ങൾ വിശ്വസിക്കുന്നില്ല

കോ-ഓപ്പറേറ്റീവ്സിൽ. നിങ്ങൾക്ക് അമേരിക്കൻ മൂലധനം മതി, കോ-ഓപ്പറേറ്റീവ്സിനെ തകർക്കുകയാണ്. നിങ്ങൾ ഒപ്പിട്ടുകഴിഞ്ഞു, ഭരണഘടനയിൽ വന്നു. കാണാം കേരളത്തിലെ കളി. Article of faith ആയിരുന്നു നാഗ്പൂർ സമ്മേളനത്തിൽ. In the Nagpur session of the Congress, resolutions were passed which enjoin all congressmen to participate actively in the Co-operative movement. പിന്നീടാണ് നിങ്ങൾ കോ ഓപ്പറേറ്റീവ്സിലേയ്ക്ക് ഇറങ്ങിത്തുടങ്ങിയത്. I am sure that the Communist Party will also agree with the spirit of the resolution. അവിടെ ശ്രീ. ഗോപാലകൃഷ്ണമേനോൻ എഗ്രി ചെയ്തല്ലോ? A uniform law should be made for the whole of India, such adjustments as necessary for each State. അന്ന് ഡൽഹിയിൽ പോയി ശ്രീ. പ്രണബ്കുമാർ മുഖർജിയുടെയും ശ്രീ. മൻമോഹൻ സിംഗിന്റെയും കാലുപിടിച്ചില്ലേ? കരിങ്കല്ലിന് കാറ്റ് പിടിക്കുമ്പോൾ ഇരിക്കുന്നതുപോലെ ഏതുസമയത്തും ഇങ്ങനെ ഇരിക്കുന്ന ശ്രീ.എ.കെ. ആന്റണിയുടെ കാലു ഞാൻ പിടിച്ചില്ലേ? കേരളത്തിനുവേണ്ടി പ്രത്യേക ഇളവ് തരണം; ഞങ്ങളുടെ ബാങ്കുകളെ എടുത്തുകളയരുതേയെന്ന് പറഞ്ഞിട്ട് നിങ്ങൾ അനങ്ങിയോ? പക്ഷേ ഓരോ സ്റ്റേറ്റിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് പൊതു നിയമം കൊണ്ടുവരണമെന്ന് ശ്രീ. ടി.എ. തൊമ്മൻ 1959-ൽ പറഞ്ഞു.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തിയതിൽ വിഷമമുണ്ട്. എന്നാലും ബഹുമാനപ്പെട്ട പ്രതിരോധ വകുപ്പുമന്ത്രിയെ കുറിച്ച് കരിങ്കല്ലിന് കാറ്റുപിടിച്ചതുപോലെയെന്ന് അദ്ദേഹം പറഞ്ഞ വാക്കുകൾ, അത് അപമാനകരമാണ് അത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. ജി സുധാകരൻ: ഞാൻ ഒരു ഉപമയാണ് പറഞ്ഞത്. ഒന്നിനോടൊന്ന് സാദൃശ്യം ചൊന്നാൽ ഉപമയാമത്. അദ്ദേഹത്തെയല്ല കരിങ്കല്ലെന്ന് പറഞ്ഞത്, അത് അദ്ദേഹത്തിന് ഇഷ്ടമല്ലെങ്കിൽ മനുഷ്യശരീരത്തിന് കാറ്റ്പിടിച്ചാൽ കരിങ്കല്ലുപോലെ അനങ്ങാതിരിക്കുന്ന ആന്റണിസാറെന്ന് ഞാൻ തിരുത്തിപ്പറയുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, സഹകരണം കോൺസ്റ്റിറ്റ്യൂഷന്റെ ഭാഗമാക്കിയ ഭരണഘടനാ ഭേദഗതി നിയമം കേരളത്തിലെ സഹകരണത്തിന് ദോഷകരമായി ബാധിക്കുമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ആ ഭേദഗതി ബില്ലിലെ ഏത് വ്യവസ്ഥയാണ് സഹകരണത്തിന് ദോഷകരമാകുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ, സകല ക്ലോസും അതിനകത്ത് കൊണ്ടുവന്ന് വച്ചിട്ടുണ്ട്. വിശദാംശങ്ങൾ നമുക്ക് തമ്മിൽ പറയാം. കോൺസ്റ്റിറ്റ്യൂഷനിൽ കോ-ഓപ്പറേറ്റീവ്സിനെ

കൊണ്ടുവന്നതൊഴിച്ചാൽ ബാക്കിയെല്ലാ വകുപ്പുകളും കേരളത്തിലെ നിയമത്തിലില്ലാത്തതായി കൊണ്ടുവന്ന എല്ലാ വകുപ്പുകളും ദോഷകരമാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. ആറുമിനിട്ട് കൂടുതലായി.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. മറ്റു കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ശ്രീ. രമേശ് ചെന്നിത്തല, അദ്ദേഹമറിയാതെ ഇവിടെ നെൽവയൽ സംരക്ഷണ നിയമം യുനാനിമസായി പാസ്സാക്കിയത് എടുത്തുകളയാൻ പോകുന്നു എന്നു പറഞ്ഞതിനെ എതിർത്തിട്ടുണ്ട്, എല്ലാവരും കേട്ടതാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പറയണം, കെ.പി.സി.സി.യുടെ മന്ത്രിമാരാണോ ഇവിടെയിരിക്കുന്നത്; എ. ഐ.സി.സി. അംഗീകരിച്ച മന്ത്രിമാരാണോ? ഇവിടെ എന്താണ് നടക്കുന്നതെന്ന് വ്യക്തമാക്കണം. ഞാൻ കൂടുതൽ പറയുന്നില്ല. രണ്ടാമതായി എനിക്ക് പറയാനുള്ളത്. നെയ്യാറ്റിൻകര എം.എൽ.എ. കഴിഞ്ഞ ദിവസം ചില പ്രസ്താവനയൊക്കെ ഇറക്കി, അതൊക്കെ അദ്ദേഹത്തിന്റെ അവകാശം. ഡ്രാക്കുളയുടെ സ്വഭാവം ഒരാളുടെ ചോര കുടിച്ചുകഴിഞ്ഞാൽ ആ ചോര കുടിച്ചയാളിന് അടുത്ത ഒരാളിന്റെ ചോര കുടിക്കണം. അങ്ങനെ പൊളിറ്റിക്കൽ ഡ്രാക്കുളമാരെയുണ്ടാക്കുന്ന പാരമ്പര്യം അവരുടെ കാര്യം. പക്ഷേ ഒരു കാര്യം, ബ്രിട്ടീഷ് പാർലമെന്റിൽ പ്രശസ്തനായ ഒരു ലേബർ എം.പി. കൺസർവേറ്റീവ് ഗവൺമെന്റിനോട് പറഞ്ഞു, Your rule is politically ******** [2] രാഷ്ട്രീയമായ ******* ആ മെമ്പർ പറഞ്ഞത്.

---

[2] നീക്കം ചെയ്തു.

ആരാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ പിതാവ്? അച്ഛനുമമ്മയുമൊക്കെയുണ്ട്, ഞങ്ങൾ ബഹുമാനിക്കുന്നു. രാഷ്ട്രീയ പിതാവ് ആരാണ്? പച്ചമലയാളം ഞാൻ പറയുന്നില്ല. രാഷ്ട്രീയമായി ******* കാണിക്കുന്ന ഇതുപോലെയുള്ള സെൽവരാജൻമാരെ, നിങ്ങളുടെ ഗവൺമെന്റിന്റെ പാപ്പരത്തം മറച്ചുവയ്ക്കാൻ, ******* ഇറക്കിവിട്ടിരിക്കുകയാണ്. ******** ഞങ്ങൾ പിടിച്ചുകെട്ടും. നെയ്യാറ്റിൻകരയിൽ ഞങ്ങൾക്ക് അല്പം വഴുതിപ്പോയി. ഞങ്ങൾ പിടിച്ചുകെട്ടുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ, ഈ മെമ്പറുടെ പ്രസംഗത്തിന്റെ തുടക്കം മുതൽ നിയമസഭയിൽ ഉപയോഗിക്കേണ്ട ഭാഷകളല്ല. **********[3] എന്നൊക്കെ പറയുന്നത് ഭാവിയിൽ രേഖ പരിശോധിക്കുന്ന സമയത്ത് നിയമസഭയുടെ സാങ്റ്റിറ്റിക്ക് ചേർന്നതല്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: നമ്മുടെ സാങ്റ്റിറ്റിക്ക് ചേരാത്ത എന്തെങ്കിലുമുണ്ടെങ്കിൽ തീർച്ചയായും നീക്കം ചെയ്യുന്നതാണ്. ചട്ടം 153(2) പ്രകാരം ധനവിനിയോഗ ബിൽ 1.30-ന് വോട്ടിനിടേണ്ടതുണ്ട്. ബില്ലിന്റെ ചർച്ച പൂർത്തിയാകാത്ത സാഹചര്യത്തിൽ പ്രസ്തുത ചട്ടം വേവ് ചെയ്യുകയാണ്. അടുത്തത് ശ്രീ. എം. ഉമ്മർ, അങ്ങേയ്ക്ക് 10 മിനിട്ട്.

[3] നീക്കം ചെയ്തു.

ശ്രീ. എം. ഉമ്മർ: ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി മാണിസാറിന്റെ........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചട്ടം വേവ് ചെയ്യുന്നത് സഭയുടെ അനുമതിയോടെ ചെയ്യാം. എത്ര മണിക്കൂർ ഇനിയും വേണം? അത് സഭ തീരുമാനിക്കണം.

ശ്രീ. എം. ഉമ്മർ: സർ, എന്റെ സമയമാണ് പോകുന്നത്.

മി. ചെയർമാൻ: ഇല്ല സമയം പോകില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എത്ര മണിക്ക് തീരും; എത്ര മണിക്കൂർ ഇനിയുമെടുക്കണം. അത് സഭ തീരുമാനിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത്രയും സമയം ഒരു റെസ്ട്രിക്ഷനുമില്ലാതെ സംസാരിച്ചു. ഫ്ളാഗ് എൻഡിലേയ്ക്ക് വന്ന് മറുപടി പറയാൻ നേരത്ത് ഇനിയെത്ര സമയം വേണം, അത് റെസ്ട്രിക്ട് ചെയ്യുകയാണ്. ഇത് ശരിയല്ല. .....(ബഹളം).....

ശ്രീ. എ.കെ. ശശീന്ദ്രൻ: ചെയർ സമയം നീട്ടണമെന്ന നിർദ്ദേശം വച്ച സാഹചര്യത്തിലാണ് എത്ര സമയം വരെ വേണമെന്ന് ചോദിച്ചത്?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ഓരോ അംഗങ്ങളും സമയം കൂടുതലെടുത്തിട്ടുണ്ട്. സ്വാഭാവികമായും ഗവൺമെന്റ് റിപ്ലൈ പറയേണ്ടി വരില്ലേ.?

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, കുറയ്ക്കാൻ പറഞ്ഞില്ലല്ലോ. എത്ര സമയം വേണമെന്ന് നിശ്ചയിക്കണമെന്നല്ലേ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെയൊരു സമയം നിശ്ചയിക്കുന്നില്ലെങ്കിൽ അതിന് ഞാൻ പോൾ ചോദിക്കുകയാണ്. ഒന്നര മണിക്കൂർ എന്നത് നീട്ടുന്നതിനുവേണ്ടി തീരുമാനിക്കുന്നുണ്ടെങ്കിൽ, സമയം നിശ്ചയിക്കുന്നില്ലെങ്കിൽ ഞാൻ അതിന് പോൾ ചോദിക്കുകയാണ്. അത് സഭ തീരുമാനിക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, എല്ലാ മെമ്പർമാരും കൂടുതൽ സമയമെടുത്തില്ലേ. നമ്മൾ പരസ്പരം സഹകരിച്ചല്ലേ പോകുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എത്ര സമയമെന്നത് സഭ തീരുമാനിക്കണം. .....(ബഹളം).....

മി. ചെയർമാൻ: ഇവിടെ ഓരോരുത്തരും കൂടുതലെടുത്ത സമയം എഴുതിവച്ചിട്ടുണ്ട്. ശ്രീ. കെ.കെ. ജയചന്ദ്രൻ അഞ്ചു മിനിട്ടും ശ്രീ. ജി. സുധാകരൻ ഒമ്പത് മിനിട്ടും ശ്രീ. ജോസഫ് വാഴക്കൻ ഏഴുമിനിട്ടും കൂടുതലെടുത്തിട്ടുണ്ട്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ...... ഞാൻ പറഞ്ഞത് രണ്ടു സൈഡിൽ നിന്നും കൂടുതലെടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇനിയും എത്ര സമയം വേണമെന്ന് സഭ തീരുമാനിക്കണം.

ശ്രീ. കെ.എം. മാണി: സർ, കൂടുതൽ സമയമെടുത്ത് കൂടുതൽ വിമർശനം വരുമ്പോൾ, കൂടുതൽ നിർദ്ദേശങ്ങൾ വരുമ്പോൾ ഗവൺമെന്റിന് സമയമില്ലാതെ വരരുത്. ബാക്കി എന്താണെന്നുള്ളത് അങ്ങ് നിശ്ചയിക്കൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സഭയാണ് സമയം തീരുമാനിക്കുന്നത്. അതുകൊണ്ട് ഒന്നര മണിക്കൂർ എന്നുള്ളത് നീട്ടുന്നത് സഭതന്നെ തീരുമാനിക്കണം. അതുകൊണ്ട് ഒന്നര മണിക്കൂർ എന്നുള്ളത് വേവ് ചെയ്യുന്നതിനെതിരായി ഞാൻ പോൾ ചോദിക്കുകയാണ്.

മി. ചെയർമാൻ: ഇനി നാല് അംഗങ്ങൾ സംസാരിക്കാനുണ്ട്.

ശ്രീ. കെ.എം. മാണി: സർ, ഒരു കാര്യം ചെയ്താൽ മതി. ഗവൺമെന്റിന് അനുവദിക്കപ്പെട്ട സമയം മാത്രം മതി. ഇനിയുള്ളവരൊക്കെ അനുവദിക്കപ്പെട്ട സമയത്തിനകത്ത് നിന്നാൽ മതി. അതുവച്ച് ഫിക്സ് ചെയ്യാം.

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, തികച്ചും ചട്ടപ്രകാരമുള്ള കാര്യമാണ് ചോദിച്ചത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട എ.കെ. ശശീന്ദ്രൻ, അത് നമ്മുടെ നടപടിക്രമത്തിന്റെ ഭാഗമല്ലേ? ചോദിക്കാതെ പറ്റില്ലല്ലോ.

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങയുടെ റൂളിംഗ് വരുന്നതിനു മുമ്പ് സംസാരിച്ച എല്ലാ അംഗങ്ങളും കൂടുതൽ സമയമെടുത്തു. നേരത്തെ സംസാരിച്ച അംഗങ്ങൾ ആറും എട്ടും മിനിട്ട് കൂടുതലെടുത്തതി

നുശേഷം ഇനി സംസാരിക്കാൻ പോകുന്ന അംഗങ്ങൾ കൃത്യ സമയത്ത് തീർക്കണമെന്നു പറയുന്നത് ശരിയല്ല. അതുകൊണ്ട് ഒരു സാമാന്യബുദ്ധി യനുസരിച്ച് അവിടെ എടുത്തതുപോലെയുള്ള സമയം ഞങ്ങൾക്കും അനുവദിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഗവൺമെന്റിന് അത്രയും സമയം മതിയെന്നു പറഞ്ഞു. പക്ഷേ അംഗങ്ങളോട് വിവേചനം കാണിക്കരുത്. ഇനി സംസാരിക്കാനുള്ള അപ്പുറത്തും ഇപ്പുറത്തുമുള്ള, ശ്രീ. പി.കെ. ഗുരു ദാസനും ഞാനുമടക്കമുള്ള അംഗങ്ങൾക്ക് നേരത്തെ കൊടുത്തതുപോലെ സമയം കൂടുതലെടുക്കാൻ അങ്ങ് അനുവദിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ചെയറിനോട് പറയാനുള്ളത് ഒന്നര മണിക്കൂർ വേവ് ചെയ്യണമെങ്കിൽ സഭയ്ക്കേ അധി കാരമുള്ളൂ എന്നാണ്. ഒന്നര മണിക്കൂർ എന്നുള്ളത് വേവ് ചെയ്യുന്നതിനെ തിരായി ഞാൻ പോൾ ചോദിക്കുകയാണ്. അങ്ങ് വോട്ടിനിട്ട് തീരുമാനിച്ചു കൊള്ളൂ.

മി. ചെയർമാൻ: ഇനി ഒന്നര മണിക്കൂർ കൊണ്ട് തീർക്കാവുന്നതേ യുള്ളൂ. നമുക്കൊരു 90 മിനിട്ടുകൊണ്ട് തീർക്കാം. .....(ബഹളം).....

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, അങ്ങ് റൂളിംഗ് നൽകിയപ്പോൾ 1.30 മണിക്കൂർ എന്നത് വേവ് ചെയ്തു എന്നുപറഞ്ഞു, അങ്ങ് പ്രഖ്യാപിച്ചുകഴിഞ്ഞതാണ്, വേവ് ചെയ്തു എന്നു പറയുകയും ബഹുമാനപ്പെട്ട എം. ഉമ്മറിനെ പ്രസം ഗിക്കാൻ വിളിക്കുകയും ചെയ്തു. അങ്ങ് ചെയറിലിരുന്ന് സമയം വേവ്

ചെയ്യുന്നു എന്ന് പറഞ്ഞു, ശ്രീ. എം. ഉമ്മർ പ്രസംഗിച്ചു കഴിയട്ടെ, എന്നിട്ട ല്ലേ പറ്റൂ. ആൾറെഡി അത് പറഞ്ഞുകഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വേവ് ചെയ്യാനുള്ള നിർദ്ദേശ ത്തിന് സഭയുടെ ഭൂരിപക്ഷമില്ല.

മി. ചെയർമാൻ: അങ്ങ് പറയുന്നതിനുമുമ്പുതന്നെ ഞാൻ ശ്രീ. എം. ഉമ്മറിനെ വിളിച്ചുകഴിഞ്ഞു. റെക്കോർഡ് നോക്കിയാൽ മതി. വേവ് ചെയ്തത് അംഗീകരിച്ചതല്ലേ. അതിനുശേഷം റെയ്സ് ചെയ്യുന്നത് ശരിയ ല്ലല്ലോ.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, ഒരു കാര്യം പറയട്ടെ. വേവ് ചെയ്യുന്ന വിഷയം അങ്ങ് എടുത്തു, വേവ് ചെയ്യുന്നു എന്ന് പറഞ്ഞു, അതിനുശേഷം വന്ന വാദഗതിയാണിത്. അങ്ങ് ബഹുമാനപ്പെട്ട എം. ഉമ്മ റിനെ പ്രസംഗിക്കാൻ വിളിക്കുകയും ചെയ്തു. അത് കഴിഞ്ഞ് എപ്പോഴെ ങ്കിലും ഈ പ്രശ്നമെടുത്തിട്ടാൽ ശരിയാകില്ല. വേവ് ചെയ്തുകഴിഞ്ഞു. അടുത്തയാളെ പ്രസംഗിക്കാൻ വിളിക്കുകയും ചെയ്തു. ഇനി തിരിച്ചുപോ കാൻ പറ്റില്ല. സ്പീക്കറുടെ റൂളിംഗ് ആൾറെഡി വന്നു കഴിഞ്ഞതാണ്. .....(ബഹളം)......

മി. ചെയർമാൻ: അതൊരു ഇഷ്യൂ ആക്കണ്ട. ഇനിയുള്ള ഒന്നര മണി ക്കൂർ കൊണ്ട് തീർക്കാം. ഞാൻ വേവ് ചെയ്യുന്നു എന്നുപറഞ്ഞപ്പോൾ ഒബ്ജക്ഷൻ വന്നില്ല. ഞാൻ ശ്രീ. എം. ഉമ്മറിനെ വിളിച്ചു, അദ്ദേഹം തുട ങ്ങിയതിനുശേഷം പറയുന്നത് ശരിയല്ല. ഞാൻ അദ്ദേഹത്തെ വിളിച്ചു,

അദ്ദേഹം എഴുന്നേറ്റ് പ്രസംഗം തുടങ്ങിയതാണ്. അതിനുശേഷമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇതുകൊണ്ടുവന്നത്. അപ്പോൾ വേവ് ചെയ്തത് അംഗീകരിച്ചു കഴിഞ്ഞല്ലോ? ..... (ബഹളം)........ ഇല്ല, അതിനുമുമ്പുതന്നെ ഞാൻ അദ്ദേഹത്തെ വിളിച്ചുകഴിഞ്ഞു. അദ്ദേഹം തുട ങ്ങിയതിനുശേഷമാണ് ഇതുന്നയിച്ചത്. ..... (ബഹളം)........

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : സർ, ചെയർമാൻ റൂളിംഗ് നൽകി. ശ്രീ.എം. ഉമ്മറിനെ പ്രസംഗിക്കാൻ വിളിച്ചു. അതെല്ലാം കഴിഞ്ഞ് ഭൂതോ ദയമുണ്ടായോ? അത് അപ്പോൾ പറയേണ്ടായിരുന്നോ?

മി. ചെയർമാൻ : ......... അല്ല, അതിനുശേഷമാണല്ലോ. ഞാൻ സമയം വേവ് ചെയ്ത് ശ്രീ. എം. ഉമ്മറിനെ വിളിച്ചത്. ശ്രീ. എം. ഉമ്മറിനെ വിളിക്കുന്നതിനുമുമ്പായിരുന്നുവെങ്കിൽ അംഗീകരിക്കാമായിരുന്നു. ....(ബഹളം).... എല്ലാവരും ആവശ്യത്തിന് സമയമെടുത്തിട്ടുണ്ട്. ഈ നടപ ടി ശരിയല്ല. ഞാൻ ശ്രീ. എം. ഉമ്മറിനെ വിളിച്ചു, അദ്ദേഹം പ്രസംഗം തുട ങ്ങി. അതിനുശേഷമാണ് പ്രതിപക്ഷ ഉപനേതാവ് പോൾ ചോദിക്കുന്നത്. അത് ശരിയാണോ? ......(ബഹളം)..... ഇല്ലില്ല. സഭ തീരുമാനിച്ചു. അതിനു ശേഷമാണ് ശ്രീ. എം. ഉമ്മറിനെ വിളിച്ചത്. അപ്പോൾ ഒബ്ജക്ഷൻ വന്നില്ല. അദ്ദേഹത്തെ വിളിച്ചതിനുശേഷമാണ് ഇത് വന്നത്.

ശ്രീ. കെ.എം. മാണി : അങ്ങ് റൂളിംഗ് നൽകി, വേറെ പ്രസംഗകനെ വിളിച്ചുകഴിഞ്ഞു. ഇനി അതനുസരിച്ച് മുന്നോട്ടുപോകട്ടേ.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : കുറച്ച് അംഗങ്ങൾ ചായ കുടിക്കാൻ പോയപ്പോൾ, ഇവിടെ ആളുകൾ കുറവാണെന്നുതോന്നി പോൾ ചോദിച്ച താണ്. അത് ശരിയായ നടപടിയല്ല. അത് ഡീസന്റ് അല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : വേവ് ചെയ്ത സമയത്ത് വേവ് ചെയ്യുന്നതിനാവശ്യമായ ഭൂരിപക്ഷമുണ്ടായിരുന്നില്ല. ഇപ്പോൾ അര മണി ക്കൂർ നീട്ടിക്കൊണ്ടുപോയി. ഇനി പോൾ ചോദിച്ചിട്ട് കാര്യമില്ല.

ശ്രീ ഉമ്മൻ ചാണ്ടി: ഇവിടെ എല്ലാ സമയത്തും ക്വാറം മാത്രമേ സഭയ്ക്കകത്ത് നിർബന്ധമുള്ളു. ഞങ്ങളൊക്കെ ഇവിടെയിരുന്ന് പല മീറ്റിംഗുകളും കാര്യങ്ങളുമൊക്കെ നടത്തുകയാണ്. അതുകൊണ്ട് ഭൂരിപ ക്ഷത്തിന്റെ പ്രശ്നമൊന്നും ഓർക്കേണ്ടതില്ല. അങ്ങുകൂടി പങ്കെടുക്കേണ്ട വെയർഹൗസിംഗുമായി ബന്ധപ്പെട്ട മീറ്റിംഗിനാണ് ഞാൻ പോയിരുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മുഖ്യമന്ത്രി മറുപടി പറഞ്ഞ പ്പോൾ ഇതിന്റെ ഗൗരവം വർദ്ധിക്കുകയാണ് ചെയ്തത്. സാധാരണഗതി യിൽ ഇവിടെ എത്രയോ സമയം എടുക്കാറുണ്ട്. ധനവിനിയോഗ ബില്ലിന്റെ കാര്യത്തിൽ റൂൾ വളരെ ക്ലിയറാണ്. ധനവിനിയോഗ ബിൽ ഒന്നര മണിക്ക് വോട്ടിനിടണമെന്ന് ചട്ടത്തിലുണ്ട്.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : ഒന്നര മണിക്ക് അഞ്ച് മിനിട്ടുള്ള പ്പോൾ ചെയർമാൻ ക്വസ്റ്റ്യൻ സഭയുടെ വോട്ടിനിട്ടു. ആ സമയത്ത് ആരും ഒന്നും പറഞ്ഞില്ല. ശ്രീ. എം. ഉമ്മറിനെ പ്രസംഗിക്കാൻ വിളിച്ചു. അതുക ഴിഞ്ഞ് ഭൂതോദയം ഉണ്ടായിട്ട് കാര്യമില്ലല്ലോ? .......(ബഹളം)......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഒന്നര മണിക്കാണ് ഞങ്ങൾ പോൾ ചോദിച്ചത്. ഇങ്ങനെ പറയുന്നത് ശരിയാണോ?

<u>ശ്രീ. എ.കെ. ബാലൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. സഭ നടക്കുന്ന സമയത്ത് ഈ അസംബ്ലി മന്ദിരത്തിനുള്ളിൽവച്ച് മന്ത്രിമാർ യോഗം വിളിക്കാൻ പാടില്ല, മീറ്റിംഗ് നടത്താൻ പാടില്ലായെന്ന് സ്പീക്കറുടെ റൂളിംഗ് ഉണ്ട്. സ്പീക്കറുടെ റൂളിംഗ് ഈ ആഴ്ച വന്നുകഴിഞ്ഞു. അത് പാടില്ലായെന്ന് സ്പീക്കറുടെ റൂളിംഗ് ഉണ്ട്. ......(ബഹളം)....... നിങ്ങൾ ബഹളം വയ്ക്കാതെ സ്പീക്കറോട് ചോദിക്കൂ? ഞങ്ങൾ മീറ്റിംഗിൽ പങ്കെടുക്കുകയായിരുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് അതിനെതിരായിട്ടാണ്. യോഗങ്ങൾ പാടില്ലായെന്നുള്ളത് വ്യക്തമാക്കുന്ന ചട്ടം ഇവിടെ ഉണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് കൊടുത്തിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു)</u> : സർ, ബഹുമാനപ്പെട്ട എ.കെ. ബാലൻ പറഞ്ഞത് സ്പീക്കറുടെ റൂളിംഗിന് അനുസൃതമായിട്ടല്ല. .....(ബഹളം)..... മന്ത്രിമാർ നിയമസഭാ സമ്മേളനകാലത്ത് പുറത്ത് പരിപാടികൾ വയ്ക്കരുതെന്നാണ് സ്പീക്കറുടെ റൂളിംഗ്. ഞങ്ങൾ ആരും പുറത്ത് പരിപാടികൾ വച്ചിട്ടില്ല. ഈ നിയമസഭാ മന്ദിരത്തിലെ ഞങ്ങളുടെ ഓഫീസുകളിൽ പ്രതിപക്ഷ എം.എൽ.എ.-മാർ കൂടി പങ്കെടുക്കുന്ന മീറ്റിംഗുകൾ വയ്ക്കാറുണ്ട്. ഇപ്പോൾത്തന്നെ ശ്രീ. വി.എസ്. സുനിൽ കുമാറിനെയും പുതുക്കാട് എം. എൽ.എ.-യേയും മറ്റും ഞാൻ മീറ്റിംഗിന് വിളിച്ചിരിക്കുകയായിരുന്നു.

സ്പീക്കറുടെ റൂളിംഗ് നിയമസഭയ്ക്ക് പുറത്ത് പൊതുപരിപാടി വയ്ക്കരുതെന്നാണ്. അത് വച്ചിട്ടുമില്ല.

മി. ചെയർമാൻ: ദയവായി സഹകരിക്കുക, അത് ഡിസ്പോസ് ചെയ്തു. Shri. M. Ummer, You may continue.

ശ്രീ. എം. ഉമ്മർ : ആഗോളതലത്തിൽ മാന്ദ്യം നേരിടുന്ന ഈ കാലഘട്ടത്തിൽ കേരള സമ്പദ്‌വ്യവസ്ഥയെ 2011-2012-ലെ നിലയിൽനിന്നും 2012-2013-ൽ കുറേക്കൂടി മെച്ചപ്പെടുത്താൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞുവെന്നത് ഒരു ശരിയായ കാര്യമാണ്. അതുമാത്രമല്ല മൂലധനച്ചെലവിന്റെ കൂടെ ..........

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ. ഒരു മിനിട്ട്.... ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എന്താണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ധനവിനിയോഗ ബിൽ റൂൾ 153 പ്രകാരമാണ് അവതരിപ്പിക്കുന്നത്. ഒന്നര മണിക്ക് വോട്ടിനിടണമെന്ന് ഇതിൽ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. അങ്ങനെ സ്വാഭാവികമായി ബഹുമാനപ്പെട്ട ചെയർ അനുമതി ചോദിച്ചു. അനുമതി ചോദിച്ച് സെൻസ് എടുത്തപ്പോഴാണ് ഞാൻ പോൾ ചോദിച്ചത്. ആ സമയത്ത് ബഹുമാനപ്പെട്ട ചെയർ എത്ര സമയം ഇനിയും വേണമെന്ന് ചോദിച്ചു? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന് ഗവൺമെന്റിന്റെ സമയം മാത്രമേ വേണ്ടൂവെന്ന് പറഞ്ഞു. യഥാർത്ഥത്തിൽ എത്ര സമയം എന്നുപോലും തീരുമാനിക്കുന്നില്ല. ധനവിനിയോഗ ബില്ലിന്റെ കാര്യ

ത്തിൽപ്പോലും അനിശ്ചിതമായി സഭ നീട്ടിക്കൊണ്ടുപോകുന്നു. ഇതിനെ യാണ് ഞങ്ങൾ എതിർത്തത്. സഭ എത്ര സമയം വേണമെങ്കിലും ചേരാം. പക്ഷേ, അങ്ങനെ ഇരിക്കുന്നതിന് സമയം നിശ്ചയിക്കണമെന്ന് പറഞ്ഞത് സമ്മതിക്കാതെ വന്നപ്പോഴാണ് ഞാൻ പോൾ ചോദിച്ചത്. ആ സമയത്ത് പോൾ ചോദിച്ചുവെന്നത് ശരിയാണ്. ആ സമയത്ത് വോട്ടിനിട്ടിരുന്നുവെ ങ്കിൽ ഇവിടെ പ്രശ്നമില്ല. ഒരു ഡിവിഷൻ ചോദിച്ചാൽ ഡിവിഷൻ ബെൽ അടിക്കേണ്ടത് ആവശ്യമാണ്. അതിന് തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്. ഇത് ചട്ടപ്രകാരമല്ല നടക്കുന്നത്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ച് ഇറങ്ങിപ്പോയി)

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : ഗവൺമെന്റിന്റെ ഭാഗം ക്ലിയർ ചെയ്യാനാണ് ഞാൻ ഇത് പറയുന്നത്. സ്പീക്കർ റൂളിംഗ് നൽകി നാല് മിനിട്ട് കഴിഞ്ഞതിനുശേഷം, മെമ്പറെ പ്രസംഗിക്കാൻ വിളിച്ചതിനുശേഷ മാണ് ഒരു ആർഗ്യുമെന്റിന്റെ ഒടുവിൽ അദ്ദേഹം പോൾ ചോദിച്ചത്. റൂളിംഗ് കഴിഞ്ഞതിനുശേഷമാണ്, ആ ക്വസ്റ്റ്യൻ തീർന്നതിനുശേഷമാണ്, എല്ലാവരും കേട്ടതാണ്. ആ കാര്യത്തിൽ വളരെ ക്ലാരിറ്റിയുണ്ട്.

ശ്രീ. കെ.എം. മാണി : പ്രതിപക്ഷത്തിന്റെ നിലപാട് ധനകാര്യ വിഷ യങ്ങൾ കലക്കുക എന്നുള്ളതാണ്. ഫിനാൻസ് ബിൽ സഭയിൽ വന്ന സമ യത്ത് ഇവിടെ കുത്തിയിരിപ്പാണ്. ഇന്നിപ്പോൾ അപ്രോപ്രിയേഷൻ വന്നു, ഇതിനെ കലക്കുക. ഇത് എന്ത് നയമാണ്? ഉത്തരവാദിത്വമുള്ള ഒരു പ്രതി

പക്ഷമാണെങ്കിൽ ബഡ്ജറ്റിന്റെ ചർച്ച, ബഡ്ജറ്റിന്റെ മറുപടി, ബഡ്ജറ്റിന്റെ വോട്ടിംഗ് തുടങ്ങിയവയുമായി സഹകരിക്കണ്ടേ? എത്ര നിഷേധാത്മക മായ നിലപാടാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കു ന്നത്? ഇന്ന് ഈ ബഡ്ജറ്റിന്റെ മുഴുവൻ അപ്രോപ്രിയേഷനാണ്. എത്ര സുപ്രധാനമായ ഒരു ദിവസമാണ്; എത്ര സുപ്രധാനമായ ഒരു ചർച്ച യാണ്? ഇതിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് എന്നൊക്കെ പറഞ്ഞ് ദുരുപയോഗിക്കുന്നതിലൂടെ ഡെമോക്രസിയെ വികൃതമാക്കുകയാണ്. ഇവ രുടെ നിലപാട് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : സർ, ഇന്ന് ഈ ബഡ്ജറ്റ് സമ്മേ ളനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസമാണ്. ഏറ്റവും പ്രധാനപ്പെട്ട വോട്ടിംഗാണ്. ഇന്നുവരെ ധനവിനിയോഗ ബില്ലിന്റെ ചർച്ച ഒന്നര മണിക്ക് തീർന്നിട്ടില്ല. എല്ലാ വർഷവും ഒന്നര മണി ആകുമ്പോൾ സഭയുടെ സെൻസറിഞ്ഞ് വേവ് ചെയ്ത് സമയം നീട്ടിയിട്ടുണ്ട്. അതിൽ കവി ഞ്ഞുള്ള യാതൊരു പ്രത്യേകതയും ഇന്നില്ല. പക്ഷേ, വോട്ട് ചോദിച്ച് ഈ ഗവൺമെന്റിനെ വെട്ടിലാക്കാൻ പറ്റുമോയെന്നാണ് അവർ ശ്രമിച്ചത്. അത് നടക്കുകയില്ല, കാരണം മെമ്പർമാർ എല്ലാവരും ഈ നിയമസഭാ മന്ദിര ത്തിൽത്തന്നെയുണ്ടായിരുന്നു. ഞാൻ നാലഞ്ച് മെമ്പർമാർ പങ്കെടുക്കുന്ന ചർച്ചയിൽനിന്നാണ് ഇപ്പോൾ ഇങ്ങോട്ടുവന്നത്. സ്പീക്കർ ഓർഡർ ചെയ്തിരിക്കുന്നത് സഭയ്ക്ക് പുറത്ത് പൊതുപരിപാടി വയ്ക്കരുതെന്നുമാ ത്രമാണ്. റിട്ടയറിംഗ് റൂമിൽ നിവേദക സംഘങ്ങൾ വരും, എം.എൽ.എ.

മാരുമായി ചർച്ചകൾ നടക്കും. ഞാൻ ഇപ്പോൾ നടത്തിയ ചർച്ചയിൽ പ്രതിപക്ഷ എം.എൽ.എ. ശ്രീമതി ഇ.എസ്. ബിജിമോൾ പങ്കെടുത്തിരുന്നു. അങ്ങനെയുള്ള ചർച്ചകളെല്ലാം നടക്കും. പക്ഷേ, ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുപോലെ ഇന്നത്തെ ഈ ചർച്ച പ്രതിപക്ഷം ഗൗരവത്തിൽ എടുത്തിട്ടുണ്ടോ? ബഡ്ജറ്റ് സമ്മേളനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചർച്ചയാണ് ഇന്ന് നടക്കുന്നത്. പ്രതിപക്ഷത്ത് മുൻനിരയിലുള്ള ഒരാൾ പോലും പ്രസംഗിക്കാനില്ല. പ്രസംഗിക്കേണ്ടവരുടെ ലിസ്റ്റ് എന്റെ കൈവശമുണ്ട്. ധനവിനിയോഗ ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ പ്രതിപക്ഷത്തുനിന്ന് സീനിയർ നേതക്കന്മാർ പങ്കെടുക്കേണ്ടതാണ്. ആ കാര്യങ്ങളിലൊന്നും അവർക്ക് താൽപ്പര്യമില്ല. അവർ ഏതെങ്കിലും വിധത്തിൽ വോട്ടിംഗ് നടത്തി ഗവൺമെന്റിനെ പരാജയപ്പെടുത്താൻ പറ്റുമോ എന്നു നോക്കുകയാണ്. പക്ഷേ, അത് നടക്കുകയില്ല. എല്ലാ മെമ്പർമാരും ഇവിടെത്തന്നെ ഉണ്ടായിരുന്നു. അത് നടക്കില്ലെന്ന് കണ്ടപ്പോഴുള്ള നിരാശ കൊണ്ടാണ് അവർ ഇറങ്ങിപ്പോയത്. അവരുടെ ഈ നിലപാട് ഏറ്റവും നിർഭാഗ്യകരമാണ്. ഇന്നത്തെ പ്രസംഗത്തിന്റെ ലിസ്റ്റ് നോക്കിയാൽ അതു മനസ്സിലാക്കും. ഇത് ജനാധിപത്യത്തോടുള്ള, ജനങ്ങളുടെ പ്രശ്നങ്ങളോടുള്ള അവഗണനയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

Mr. Chairman : I quote, Practice of Procedure of Parliament – Shakdher and Kaul: 'Direction of Speaker not allowed division. The speaker has to see that a division is not claimed unnecessarily. The

previous request for division have been disallowed by the speaker'. അതുകൊണ്ട് പ്രതിപക്ഷത്തിന്റെ നിലപാടിൽ അർത്ഥമില്ല. ബഹുമാനപ്പെട്ട ശ്രീ. എം. ഉമ്മർ, അങ്ങേയ്ക്ക് തുടരാം.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഇവിടെ മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മാണിസാർ ഇന്ന് മറുപടി പറയുമ്പോൾ ആ മറുപടി കേൾക്കാനുള്ള സഹിഷ്ണുതപോലും പ്രതിപക്ഷത്തിന് ഇല്ലാതെയായതു കൊണ്ടാണ് അവർ ഇവിടെ നിന്നും ഇറങ്ങിപ്പോയത്. കഴിഞ്ഞ ഒരു വർഷ ക്കാലത്തെ ഈ ഗവൺമെന്റിന്റെ ധനവിനിയോഗത്തെ സംബന്ധിച്ച് വളരെ കാര്യങ്ങൾ പറയാനുള്ള ഒരു സന്ദർഭത്തിലാണ്, അതിനെക്കുറി ച്ചൊന്നും പറയാനില്ലാതെ വളരെ ദുർബലമായ ഒരു ന്യായം പറഞ്ഞു കൊണ്ട് പ്രതിപക്ഷം ഇറങ്ങിപ്പോയത്. അവർക്ക് ചെയ്യാൻ കഴിയാത്തത് പലതും മാണി സാറിന്റെ പ്രഗത്ഭമായ നേതൃത്വത്തിൽ ഇവിടെ നടത്തി ക്കൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ലോട്ടറിയുടെ കാര്യമാണ്. കഴിഞ്ഞ കാലത്ത് ലോട്ടറിയെ സംബന്ധിച്ചും ലോട്ടറി മാഫി യയെ സംബന്ധിച്ചും ഒരുപാട് പ്രശ്നങ്ങൾ കേരളത്തിലുണ്ടായിരുന്നു. അന്ന് ചാനലുകൾ തുറന്നാൽ 'കാശിട്ട് കാശ് വാരാൻ ഭൂട്ടാൻ ലോട്ടറി' തുടങ്ങിയതുപോലുള്ള അന്യ സംസ്ഥാന ലോട്ടറികളുടെ പരസ്യങ്ങളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അന്യസംസ്ഥാന ലോട്ടറികളെല്ലാം ഇവിടെനിന്ന് പൂട്ടിപ്പോയിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ലോട്ടറി യിൽനിന്നു മാത്രം 1200 കോടിയിൽപ്പരം രൂപയുടെ അധിക വരു

മാനമുണ്ടാക്കാൻ മാണിസാറിന് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി, ക്യാൻസർ ബാധിതരായ, ഹൃദ്രോഗികളായ ആയിരക്കണക്കിന് ആളുകൾക്ക് സഹായം നൽകുന്നതിനുവേണ്ടി കാരുണ്യ ലോട്ടറി ആരംഭിച്ചു. അതിന്റെയെല്ലാം ഗുണഫലം ഇന്ന് സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊന്നും പറയാനോ അതുൾക്കൊള്ളുവാനോ കഴിയാതെ അവർ പുറത്തുപോയിരിക്കുകയാണ്. 2011-12 സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് 4925.15 കോടി രൂപയായിരുന്നത് 2012-13-ൽ 6534.88 കോടി രൂപയായി വർദ്ധിച്ചത് ശരിയായ ധനകാര്യ മാനേജുമെന്റ് തെളിവാണ്. വികസന പ്രവർത്തനങ്ങൾ പുതിയത് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ചെറിയ കാര്യമല്ല. അതോടൊപ്പംതന്നെ ചില ആശങ്കകൾ പങ്കുവയ്ക്കുവാനുണ്ട്. മുൻസർക്കാരിന്റെ കാലത്ത് റവന്യൂ വരവിനങ്ങളിലെ ചില അനാശാസ്യ പ്രവണതകൾ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടിയത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രദ്ധിച്ചുകാണുമെന്ന് ഞാൻ കരുതുകയാണ്. 2011 ജൂൺ 30-ലെ സ്ഥിതിയനുസരിച്ച് വിവിധ വകുപ്പുകളുടെ 2581 ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടെ നിരീക്ഷണമനുസരിച്ച് 1522.81 കോടി രൂപയ്ക്ക് തുല്യമായ തുക തിരിച്ചെടുക്കാവുന്നതായിരുന്നു. എന്നാൽ മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ വീഴ്ചയുടെ വർദ്ധനവ് 24 ശതമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്, ഇത് ആശങ്കാജനകമാണ്. സ്റ്റേറ്റ് റവന്യൂവിന്റെ അസസ്മെന്റ്, കളക്ഷൻ എന്നി

വയിലെ വീഴ്ചകളും അക്കൗണ്ടന്റിന്റെ വീഴ്ചകളും റവന്യൂ വരുമാനത്തി ലിടിവുണ്ടാക്കിയ പ്രവണത വളർന്നുവരുന്നു എന്നുള്ളതാണ് ഇതു സൂചി പ്പിക്കുന്നത്. മുൻകാലത്തെ കൺകറന്റ് ഓഡിറ്റ് സംവിധാനം, ഇന്റേണൽ ഓഡിറ്റ് സംവിധാനത്തിനും ട്രസ്റ്റ് ഓഡിറ്റ് സംവിധാനത്തിനും വഴിമാറി യത് ഇത്തരം അനാശാസ്യ പ്രവണതകൾ റവന്യൂ കളക്ഷൻ, എക്സ്പെൻഡിച്ചർ മേഖലകളിൽ വളർന്നു വരാൻ ഇടയായിട്ടുണ്ട് എന്നു ള്ളത് ഒരു യാഥാർത്ഥ്യമാണ്. ആസ്തി വികസനത്തെക്കുറിച്ച് ഇവിടെ പറ യുകയുണ്ടായി. ബഹുമാനപ്പെട്ട മാണിസാർ വന്നതിനുശേഷം എം.എൽ. എ. ഫണ്ട് 75 ലക്ഷം രൂപയിൽനിന്ന് ഒരുകോടി രൂപയായി ആദ്യം വർദ്ധി പ്പിച്ചു. മുൻധനകാര്യ വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് പറ ഞ്ഞത് 75 ലക്ഷത്തിൽനിന്ന് ഒരു രൂപപോലും വർദ്ധിപ്പിക്കാൻ കഴിയില്ല എന്നാണ്. എം.എൽ.എ. ഫണ്ടുതന്നെ ഇല്ലാതാക്കാൻവേണ്ടിയാണ് അദ്ദേഹം ശ്രമിച്ചിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു കോടി രൂപയായും പിന്നീട് അത് അഞ്ചു കോടി രൂപയായും വർദ്ധിപ്പിക്കുകയു ണ്ടായി. യഥാർത്ഥത്തിൽ ജനപ്രതിനിധികളായി തെരഞ്ഞെടുക്ക പ്പെട്ടവർക്ക് അഞ്ചുവർഷക്കാലം പ്രവർത്തിക്കാനുള്ള വലിയ ഒരു സപ്പോർട്ട് ഈ ഗവൺമെന്റ് നൽകിയിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് കുറച്ചു തുക തന്നിട്ടുണ്ട് എന്നത് പറയാതിരിക്കാൻ വയ്യ. ആ ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്ന സമയത്ത് കുറച്ചു പണം നൽകിയിട്ടുണ്ട്. പക്ഷെ, അതിന്റെ എസ്റ്റിമേറ്റ് ഉണ്ടാക്കാനോ എ.എസ്.

വാങ്ങുവാനോ അവസരമില്ലാത്ത വിധത്തിൽ പ്രഖ്യാപനത്തിൽമാത്രം ഒതു ങ്ങിനിൽക്കുകയായിരുന്നു. അത്യാസന്നനിലയിൽ കിടക്കുന്ന ആളുകൾക്ക് ബിരിയാണി കൊടുക്കുന്നതുപോലെയായിരുന്നു അത്. നല്ലകാല ത്തൊന്നും കൊടുക്കാതെ അത്യാസന്നമായി കിടക്കുന്ന സമയത്ത് ബിരി യാണി കൊടുക്കുക എന്നുപറഞ്ഞതുപോലെ ഭരണത്തിലിരുന്നപ്പോ ഴൊന്നും നൽകാതെ പോകുന്ന സമയത്ത് കുറച്ച് ഫണ്ട് പ്രഖ്യാപിക്കുക യാണ് കഴിഞ്ഞ ഗവൺമെന്റ് ചെയ്തത്. അതിനുശേഷം ഇവിടെ പുതിയ എം.എൽ.എ.-മാർ വന്നു, പുതിയ ഗവൺമെന്റ് വന്നു. ആദ്യവർഷംതന്നെ ജനപ്രതിനിധികൾക്ക് പ്രവർത്തിക്കുന്നതിനുവേണ്ടി അഞ്ചുകോടി രൂപ പ്രഖ്യാപിക്കുകയും അതിന്റെ പ്രവർത്തനവുമായി ഗവൺമെന്റ് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയുമാണ്. അതുപോലെതന്നെ എന്നെ സംബ ന്ധിച്ച് വളരെ സന്തോഷമുണ്ടായ ഒരു ദിവസമാണ് ഇന്ന്. ശ്രീ. പി. ശ്രീരാ മകൃഷ്ണൻ ചില അർദ്ധസത്യങ്ങൾ ഇവിടെ പയുകയുണ്ടായി. ഇതുവരെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഉൾപ്പെടെയുള്ള സി.പി.ഐ(എം). നേതാക്ക ന്മാർ പറഞ്ഞുകൊണ്ടിരുന്നത് ഇവിടെയുള്ള പണം മുഴുവൻ മലപ്പുറം ജില്ലയിലെ ലീഗ് പ്രമാണികൾക്കുവേണ്ടി ഒഴുക്കുന്നു എന്നാണ്. മലപ്പു റത്ത് ലീഗുകാർ മാത്രമല്ല വേറെയും കുറെ ആളുകളുണ്ടെന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇന്ന് പറയുകയുണ്ടായി. ഏതായിരുന്നാലും കുറെയെ ങ്കിലും സത്യങ്ങൾ പറയാൻ ശ്രീ. പി. ശ്രീരാമകൃഷ്ണൻ മുന്നോട്ടു വന്നു എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഈ സഭയേയും പുറംലോക

ത്തേയുമെല്ലാം തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരുന്ന, ഒരു പ്രത്യേക പ്രദേശത്തേയ്ക്ക്, ഒരു പ്രത്യേകമായ ജനവിഭാഗത്തിന് പണം ഒഴുക്കുന്നുവെന്ന കള്ളപ്രചരണം നടത്തിക്കൊണ്ടിരുന്ന ആളുകൾ അൽപ്പമെങ്കിലും സത്യം പറയാൻ മുന്നോട്ടുവന്നതിൽ സന്തോഷമുണ്ട്. ശ്രീ. പി. ശ്രീരാമകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയുമൊക്കെ ഇക്കാര്യങ്ങൾ പുറത്തുപോയി പറയുകയാണ് വേണ്ടത്. ഇങ്ങനെ ഒരു പ്രദേശത്തെയും ഒരു ജനതയേയും അടച്ചാക്ഷേപിക്കുന്നത് ഒട്ടും ശരിയല്ല. യഥാർത്ഥത്തിൽ ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട്, ആ പ്രദേശങ്ങളിലെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, ഇക്കണോമിക് റിവ്യൂവിലും മറ്റും പറയുന്ന കണക്കുകളുടെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഓരോ പ്രദേശത്തേയും മുന്നോട്ടു കൊണ്ടുവരുവാനുള്ള വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണമെന്ന് മാത്രം പറഞ്ഞുകൊണ്ട്, ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇവിടെ സഭ ബഹിഷ്കരിക്കാൻ പ്രതിപക്ഷം തീരുമാനിച്ചപ്പോൾ, ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ചുള്ള പ്രതിപക്ഷത്തിന്റെ സമീപനം ശരിയല്ലെന്ന് ബഹുമാനപ്പെട്ട ചെയർ സൂചിപ്പിച്ചതാണ്. ഇന്ന് ഈ ധനവിനിയോഗ ബിൽ പാസ്സാക്കേണ്ട അവസരം വന്നപ്പോൾ വീണ്ടും ഈ നിലപാട് സ്വീകരിച്ചിരിക്കുന്ന പ്രതിപക്ഷത്തിന്റെ സമീപനം നമ്മുടെ പാർലമെന്ററി ജനാധിപത്യത്തിനും, ജനാധിപത്യസങ്കൽപ്പങ്ങൾക്കും ഭൂഷണമല്ലെന്ന് ഇവിടെ സൂചിപ്പിക്കുകയാണ്. വോട്ടെടുപ്പിനെക്കുറിച്ച് ഒരു ഭയവുമില്ല. വോട്ടെടുപ്പ് സഭയ്ക്കകത്തല്ല, ഈ ഗവൺമെന്റ് വന്നതിനുശേഷം സഭയ്ക്കുപുറത്ത് നിയമസഭയിലേയ്ക്ക് നടന്ന രണ്ട് ഉപതെരഞ്ഞെടുപ്പിലും മഹാഭൂരിപക്ഷത്തോടുകൂടി വിജയിച്ച് ജനങ്ങളുടെ പിന്തുണയുണ്ടെന്ന് തെളിയിച്ചതാണ്. ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഇന്നുവരെ നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ഉണ്ടാകാത്ത രീതിയിൽ, കേവലം സാങ്കേതികമായ പ്രശ്നത്തിന്റെ പേരിൽ പോൾ ആവശ്യപ്പെട്ടപ്പോൾ യു.ഡി.എഫ് പരാജയപ്പെട്ടുപോകുമെന്നാണ് വിചാരിച്ചത്. സമയം നീട്ടിയതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്, എന്നെക്കാൾ പരിചയസമ്പന്നരായ എത്രയോ ആളുകൾ ഇവിടെയുണ്ട്. പ്രതിപക്ഷത്തിരിക്കുന്ന ബഹുമാന്യരായ മുഴുവൻ അംഗങ്ങളും അനുവദിച്ച സമയത്തേക്കാൾ കൂടുതൽ സമയം എടുത്ത് പ്രസംഗിച്ചവരാണ്. അവർക്കെല്ലാം ബഹുമാനപ്പെട്ട ചെയർ വളരെ ലിബറൽ ആയി സമയം അനുവദിച്ചു. നമ്മുടെ സഭയുടെ കീഴ്വഴക്കമാണത്.

പാർലമെന്ററി ജനാധിപത്യത്തിൽ കീഴ്വഴക്കങ്ങൾക്കും ലിഖിത നിയമങ്ങളെപ്പോലെതന്നെ പ്രാബല്യമുള്ളതാണ്. നമ്മുടെ നിയമസഭയ്ക്കകത്ത് ഇന്നുവരെ ഉണ്ടാകാത്ത രീതിയിൽ സാങ്കേതികത്വം മാത്രം പറഞ്ഞുകൊണ്ട് ഇത്രയും പ്രധാനപ്പെട്ട ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് മറുപടി പറയാനുള്ളതെന്ന് കേൾക്കാൻ പോലും തയ്യാറാകാതെ പോയത് മറ്റൊന്നുംകൊണ്ടല്ല, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ കേരളത്തിലെ പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ മുഖം വികൃതമാകുമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ്. കഴിഞ്ഞ പ്രാവശ്യം ഇവിടെ ഈ ധനവിനിയോഗ ബിൽ അവതരിപ്പിച്ചുകൊണ്ട് ചർച്ച വന്നപ്പോഴും പ്രതിപക്ഷമെടുത്ത സമീപനം നമുക്കറിയാം. കഴിഞ്ഞ പ്രാവശ്യം ഇവിടെ നെല്ലിയാമ്പതിയെ സംബന്ധിച്ച് ഒരു അടിയന്തര പ്രമേയം കൊണ്ടുവന്നു. അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതിനുശേഷം, മറുപടി പറയാൻ കഴിയാതെ ഈ നിയമസഭയിൽ പ്രതിപക്ഷ നേതാക്കന്മാർ വാക്കുകൾപോലും കിട്ടാതെ ഇരുന്ന സമയത്താണ് പ്രതിപക്ഷനേതാവിനെ അപമാനിച്ചു എന്ന കാരണമുണ്ടാക്കിയത്. ഞങ്ങളാരും പ്രതിപക്ഷനേതാവിനെ അപമാനിച്ചിട്ടില്ല. പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെ അപമാനിച്ചവർ അപ്പുറത്തിരിക്കുന്നവരാണ്. പ്രതിപക്ഷനേതാവിന് ക്യാപ്പിറ്റൽ പണിഷ്മെന്റ് കൊടുക്കണമെന്ന് വാദിച്ച, വിഗ്രഹം ചുമക്കുന്ന കഴുത എന്ന് വിശേഷിപ്പിച്ചവരാണ് അപ്പുറത്തിരിക്കുന്നത്. പ്രതിപക്ഷനേതാവിന്റെ ടെലി

ഫോൺ ചോർത്താൻപോലും തീരുമാനമെടുത്ത മാർക്സിസ്റ്റ് പാർട്ടിയാണ് പ്രതിപക്ഷ നേതാവിനെ അപമാനിച്ചു എന്ന് പറയുന്നത്. ഞങ്ങളാരും അപമാനിച്ചിട്ടില്ല. പക്ഷേ പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ ചില ചോദ്യങ്ങൾ മാർക്സിസ്റ്റ് പാർട്ടി നേതൃത്വത്തോട് ചോദിച്ചിട്ടുണ്ട്. നമുക്കറിയാം ഇപ്രാവശ്യം ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയം ടി.പി ചന്ദ്രശേഖരൻ വധമായിരുന്നു. അപ്പുറത്തിരിക്കുന്ന മാന്യസ്നേഹിതന്മാർ അതുമായി ബന്ധപ്പെട്ടുള്ള പ്രശ്നത്തെ പലപ്പോഴും ന്യായീകരിക്കാൻ ശ്രമിച്ചു. ഞാൻ അവരുടെ വാദഗതിയെപ്പറ്റിയൊന്നും പറയുന്നില്ല. പക്ഷേ അവർ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ചോദിച്ചിരിക്കുന്ന ചോദ്യത്തിന് ഇന്നുവരെ മറുപടി പറഞ്ഞിട്ടില്ല. 51 പ്രാവശ്യം വെട്ടേറ്റ് വികൃതമായ മുഖത്തോടുകൂടി മരിച്ചുവീണ ചന്ദ്രശേഖരനെ 'ധീരനായ കമ്മ്യൂണിസ്റ്റ്' എന്ന് വിളിച്ചതാണോ പാർട്ടിക്ക് ഗുണകരം അതോ ടി.പി. ചന്ദ്രശേഖരന്റെ മുഖത്തുനോക്കി 'കുലംകുത്തി' എന്നുവിളിച്ചതാണോ പാർട്ടിക്ക് നല്ലത് എന്ന പ്രതിപക്ഷനേതാവിന്റെ ചോദ്യത്തിന് മറുപടി പറയാൻ മാർക്സിസ്റ്റ് പാർട്ടി നേതൃത്വത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ചന്ദ്രശേഖരന്റെ വധത്തിനുശേഷം വിധവയായ ശ്രീമതി രമയെ കാണാൻ പ്രതിപക്ഷനേതാവ് പോയതാണോ അതോ ഈ കൊലപാതക രാഷ്ട്രീയത്തെ ന്യായീകരിക്കുന്നതാണോ മാർക്സിസ്റ്റ് പാർട്ടിക്ക് ഭൂഷണമെന്ന ചോദ്യത്തിനുപോലും മറുപടി പറയാൻ കഴിയാതെ ഇന്നും കൊലപാതക രാഷ്ട്രീയത്തെ ന്യായീകരിച്ച് നമ്മുടെ സഭയുടെ ജനാധിപത്യ

സംസ്കാരത്തെപ്പോലും തകർക്കുന്ന പ്രതിപക്ഷത്തിന്റെ സമീപനം ഈ സഭയുടെ അന്തസ്സിന് യോജിച്ചതല്ല. കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്തു. ആ കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള ധനവിനിയോഗ ബില്ലിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല. ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള എത്രയോ സത്ക്കർമ്മങ്ങൾ- ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ-മാരിൽ പലരും ഈ ഗവൺമെന്റ് വികസനത്തിന് ഒരു പുതിയ മുഖം കൊടുത്തിരിക്കുന്നു എന്ന് സൂചിപ്പിക്കുകയുണ്ടായി. നമുക്കറിയാം ഈ അടുത്ത കാലഘട്ടത്തിൽ വികസനം എന്ന പദത്തിന്റെ അർത്ഥവ്യാപ്തിയെപ്പോലും അപകടത്തിലാക്കത്തക്ക രീതിയിലുള്ള ചില പ്രവർത്തനങ്ങളുണ്ടായി. വികസനത്തിന്റെ പേരിൽ മാഫിയാ സംഘങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒട്ടേറെ ആക്രമണങ്ങളുണ്ടായി. ആ മാഫിയാ സംഘത്തിന്റെ പ്രവർത്തനങ്ങളാണ് നമ്മൾ നന്ദിഗ്രാമിലും, സിംഗൂരിലും, മൂലമ്പിള്ളിയിലും, ചെങ്ങറയിലും, കിനാലൂരിൽ എൻഡോസൾഫാന്റെ പേരിലും കണ്ടത്. അങ്ങനെ വികസനമെന്ന പദത്തെപ്പോലും മാഫിയാ സംഘം കീഴടക്കിക്കൊണ്ടിരുന്ന ഒരു സന്ദർഭത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. വികസനത്തിന് ഒരു മനുഷ്യമുഖം കൊടുക്കാൻ കഴിഞ്ഞു എന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. നമ്മുടെ സംസ്ഥാനത്തിന്റെ സമഗ്രമായ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി, പാവപ്പെട്ട ജനങ്ങളുടെ താത്പര്യം സംരക്ഷി

ക്കുന്നതിനുവേണ്ടി ഒട്ടേറെ ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ........

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, വികസനത്തിന്റെ പുതിയ മനുഷ്യമുഖമാണ് ആർദ്രതയുള്ള 'ഹരിത രാഷ്ട്രീയം'. മണ്ണും മനുഷ്യനും ചേർന്നുകൊണ്ടുള്ള, ആർദ്രതയുള്ള ഗ്രീൻ പൊളിറ്റിക്സുമായി ബന്ധപ്പെടുത്തിക്കൊണ്ടല്ലേ അങ്ങ് വികസനത്തിന് മനുഷ്യമുഖമാണ് എന്ന് പറയുന്നത്?

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങ് പറഞ്ഞ ഗ്രീൻ രാഷ്ട്രീയത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന ഒരു വ്യക്തിയാണ് ഞാൻ. അത് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന വ്യക്തിയാണ്. ഞാൻ ദീർഘമായി പറയുന്നില്ല. അതുകൊണ്ട് നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങളുടെ ഒട്ടേറെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സാമൂഹ്യ പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന, വിവാദങ്ങളിലൂടെ കേരളത്തിന് നഷ്ടപ്പെട്ടുപോയ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ വീണ്ടെടുക്കുന്നതിനുവേണ്ടി കാര്യക്ഷമമായി പ്രവർത്തിക്കുന്ന, ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനം നടപ്പാക്കുന്നതിനുവേണ്ടി, അതിന്റെ ധനവിനിയോഗം നടത്തുന്നതിനുവേണ്ടി അവതരിപ്പിച്ച ഈ ബില്ലിനെ ഞാൻ ശക്തിയുക്തം പിന്താങ്ങുകയാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കേൾക്കാൻ ആളില്ലെങ്കിലും ഒഴിഞ്ഞു കിടക്കുന്ന ബെഞ്ചിനെ നോക്കി പറയുന്നു, ചെഗുവേരയുടെ ബൊളീവിയൻ

ഡയറിക്കുപകരം കൊടി സുനിയുടെ ജയിൽ ഡയറി പ്രസിദ്ധീകരിക്കേണ്ട ഗതികേട് ചിന്താ പബ്ലിക്കേഷൻസിന് വന്നിരിക്കുന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ ഈ അപചയം കാരണമാണ് ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ നിന്നും അവർക്ക് ഇറങ്ങിപ്പോകേണ്ടിവന്നത്. ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി ശക്തമായി അനുകൂലിച്ചുകൊണ്ട്, ബഹുമാന്യനായ മാണി സാറിന്റെ മറുപടി പ്രസംഗം കേൾക്കാൻ ഞങ്ങൾ കാതോർത്തിരിക്കുന്നു എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

* * * * * * * * * * * * * * * *